<u>GUPS പള്ളുരുത്തി (ചരിത്രം)</u>

ആമുഖം

02.06.1919 ലാണ് ഈ സ്കൂൾ ആരംഭിക്കുന്നത്. ഈ സ്കൂൾ നായന്മാരുടെ സ്കൂൾ ആയിരുന്നു. പള്ളുരുത്തി, കുമ്പളങ്ങിവഴിയിലെ പേരുകേട്ട നായന്മാരുടെ വീടുകളായിരുന്നു വട്ടത്തറ, ചേളായ്, നമ്പ്യാർമഠം തുടങ്ങിയവ. വട്ടത്തറ തന്നെ തെക്കേ വട്ടത്തറയും, വടക്കേ വട്ടത്തറയും ഉണ്ടായിരുന്നു. പള്ളുരുത്തിയിലെ സാധാരണ കുടുംബങ്ങളുടെ മേൽനോട്ടം വഹിച്ചിരുന്നത് മേൽപ്പറഞ്ഞ തറവാട്ടു കാരണവന്മാരായിരുന്നു.

പണ്ട് കൊച്ചുപള്ളി സ്കൂൾ മാത്രമേ നിലവിൽ ഉണ്ടായിരുന്നുള്ളൂ. ചേളായിലെ രണ്ടു തമ്പുരാട്ടിക്കുട്ടികൾക്കു കൊച്ചുപള്ളി സ്കൂളിൽ പോയി പഠിക്കാൻ താല്പര്യമില്ലാതിരുന്നതുകൊണ്ടു സ്ഥാപിച്ചതാണ് ഈ സ്കൂൾ. നായർ സർവീസ് കാരാണ് ഈ സ്കൂൾ നയിച്ചിരുന്നത്.

അന്നത്തെ AEO രാമൻ മേനോന്റെ സമ്മർദ്ദം കൂടിയുണ്ട് ഈ സ്കൂൾ തുടങ്ങുന്നതിന്. ചേളായിൽ പദ്മനാഭ പണിക്കർ, വട്ടത്തറ പപ്പുണ്ണി പണിക്കർ, തെക്കേവട്ടത്തറ നാരായണൻ തുടങ്ങിയവർ മുൻകൈയെടുത്താണ് സ്കൂൾ ആരംഭിച്ചത്.

. പ്രസിദ്ധനായ ദത്തൻ വക്കീലിന്റെ അച്ഛൻ രാമൻ മേനോൻ, ദത്തൻ വക്കീലിന്റെ അമ്മാവൻ രാഘവമേനോൻ തുടങ്ങിയവർ പ്രധാമാധ്യാപകരായി സേവനം നടത്തി സ്കൂൾ പ്രസിദ്ധമാക്കിയെടുത്തു. കണ്ണോത്തു നാരായണ മേനോൻ, കൊച്ചുകുട്ടിപ്പണിക്കർ തുടങ്ങിയവർ ഇവിടത്തെ പ്രഥമാധ്യാപകർ ആയിരുന്നു.

ശ്രീ. വട്ടത്തറ നാരായണമേനോന്റെ സ്വന്തം സ്ഥലമാണ് അദ്ദേഹം സ്കൂളിന് നൽകിയത്. പിന്നീടിത് സർക്കാർ ഏറ്റെടുത്തു ജനകീയ സ്കൂളാക്കി മാറ്റി. 1957 ലെ സർക്കാരിന് ഇതിൽ വലിയ പങ്കുണ്ട്. ശ്രീ. അനന്തൻപിള്ള മാസ്റ്റർ വന്നശേഷം ഇത് സർക്കാർ സ്കൂൾ എന്ന് അറിയപ്പെടാൻ തുടങ്ങി.